## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 646

25.05.2017 - ൽ മറുപടിക്ക്

# പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായം

**ചോദ്യം**

ശ്രീ.ബി.സത്യൻ
,, സി. കെ. ശശീന്ദ്രൻ
,, കെ.വി.വിജയദാസ്
,, യു.ആർ.പ്രദീപ്

**മറുപടി**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ)<br><br>&<br><br>(ഡി) | സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;<br><br>&<br><br>ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന എസ്.സി./എസ്.റ്റി. സഹകരണ സംഘങ്ങൾക്ക് പുതിയ പദ്ധതികൾ നടപ്പാക്കുന്നതിനായി ഗ്രാന്റ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | (എ)<br>&<br>(ഡി) | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനായി ഗ്രാന്റ് നൽകുന്നത് ഉൾപ്പെടെ ചുവടെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1) എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരം പരമാവധി 6 ലക്ഷം രൂപ അനുവദിച്ചുവരുന്നു. (2,40,000/ രൂപ ഓഹരി 3,60,000/ രൂപ സബ്സിഡി)<br>2) ടി സംഘങ്ങളുടെ ആഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റിനത്തിൽ പരമാവധി 5 ലക്ഷം രൂപ സബ്സിഡിയിനത്തിൽ അനുവദിച്ചു വരുന്നു.<br>3) സർക്കാർ ഓഹരി മൂലധനമായി പരമാവധി 4 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | (ഓഹരിയിനത്തിൽ) അനുവദിച്ചു വരുന്നു.<br><br>4) ടി സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രവർത്തന മൂലധന ഗ്രാന്റിനത്തിൽ പരമാവധി രണ്ട് ലക്ഷം രൂപ (സബ്സിഡിയിനത്തിൽ) അനുവദിച്ചു വരുന്നു.<br><br>5) ടി സംഘം ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് മാനേജീരിയൽ സബ്സിഡിയായി ഒരു സംഘത്തിന് പ്രതിമാസം 5,000/രൂപ നിരക്കിൽ ആദ്യത്തെ രണ്ട് വർഷവും, പ്രതിമാസം 3,000/ രൂപ നിരക്കിൽ അടുത്ത രണ്ടു വർഷവും; പ്രതിമാസം 1,000/ രൂപ നിരക്കിൽ അഞ്ചാം വർഷവും സർക്കാർ അംഗീകരിച്ച് നൽകിയ മാർഗ്ഗ നിർദ്ദേശ പ്രകാരം മാനേജീരിയൽ സബ്സിഡിയും അനുവദിച്ചു വരുന്നു.<br><br>6) എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിനും പരമാവാധി 5 ലക്ഷം രൂപ(ഓഹരി 1,50,000/ രൂപ; സബ്സിഡി 3,50,000/ രൂപ) അനുവദിച്ചുവരുന്നു.<br><br>7) സംഘാംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് റിവോൾവിംഗ് ഫണ്ടിനത്തിലും ടി സംഘങ്ങൾക്ക് പരമാവധി 5 ലക്ഷം രൂപ അനുവദിച്ചുവരുന്നുണ്ട്.<br><br>ഇതിനുപുറമെ പുതിയ പദ്ധതി നടപ്പിലാക്കുന്നതിനായി 30 ലക്ഷം രൂപ ഗ്രാൻറും 20 ലക്ഷം രൂപ ഓഹരിയും |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെ 50 ലക്ഷം രൂപ അനുവദിച്ച് നൽകുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചു വരുന്നു. |
| (ബി) | ഇത്തരം സംഘങ്ങളുടെ പുനരുജ്ജീവനത്തിലൂടെ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് വരുമാനവും ഉപജീവനമാർഗ്ഗവും പ്രദാനം ചെയ്യാനുതകുന്ന എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നത്; | (ബി) | പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിലൂടെ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് വരുമാനവും ഉപജീവനമാർഗ്ഗവും പ്രദാനം ചെയ്യാനുതകുന്ന ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നു.<br>1) എസ്.സി/എസ്.റ്റി സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം നൽകി വരുന്ന 6 ലക്ഷം രൂപ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 20 ലക്ഷം രൂപയായി (ഓഹരി 5 ലക്ഷം രൂപ; സബ്സിഡി-15 ലക്ഷം രൂപ) വർദ്ധിപ്പിക്കുന്നതിനും; സംഘം പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പ്രവർത്തന മൂലധന ഗ്രാന്റിനത്തിൽ അനുവദിച്ചുവരുന്ന 2 ലക്ഷം രൂപ എന്നത് 5 ലക്ഷം രൂപയാക്കുന്നതിനും; ജീവനക്കാർക്ക് നിലവിൽ നൽകി വരുന്ന മാനേജീരിയൽ സബ്സിഡിയിൽ മാറ്റം വരുത്തി ആദ്യത്തെ അഞ്ച് വർഷം പ്രതിമാസം 10,000/- രൂപ നിരക്കിലും, ടി 5 വർഷക്കാലത്തിനിടയിൽ സംഘം ലാഭകരമാകുന്ന പക്ഷം അത്തരം സംഘങ്ങൾക്ക് പ്രതിമാസം 15,000/- രൂപ നിരക്കിൽ തുടർന്നുള്ള മൂന്ന് വർഷവും നൽകുന്നതിന് നിലവിലുള്ള മാർഗ്ഗ നിർദ്ദേശത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.<br>2) അട്ടപ്പാടിയിലെ പട്ടികവർഗ്ഗത്തിൽ പ്പെട്ടവരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് പൈലറ്റ് അടിസ്ഥാനത്തിൽ ഇ.എം.എസ്.കോ- |

| | | | |
|---|---|---|---|
| | | | ഓപ്പറേറ്റീവ് ഹോസ്പിറ്റലുമായി ചേർന്ന് സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക, ആരോഗ്യ പ്രവർത്തകരെ/വോളന്റിയർമാരെ എല്ലാ കോളനികളിലും വിട്ട് ആരോഗ്യ-പോഷക ആവശ്യങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക, ആംബുലൻസ് സേവനങ്ങൾ ഉറപ്പാക്കുക, ഗർഭിണികൾക്കും കുട്ടികൾക്കും ഭക്ഷണവും ആവശ്യമായ പോഷകാഹാരങ്ങളും നൽകുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജില്ലാ പട്ടിക വർഗ്ഗ വികസന ആഫീസർ, ജില്ലാ പട്ടികജാതി ആഫീസർ, ജോയിൻറ് രജിസ്ട്രാർ എന്നിവർ സംയുക്തമായി ഈ പദ്ധതിയുടെ മേൽ നോട്ടം വഹിക്കുന്നതാണ്. ഈ പദ്ധതി ആവശ്യാനുസരണം മറ്റ് അവശ്യ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കാവുന്നതാണ്.<br>3) കേരള എസ്.സി/എസ്.റ്റി ഫെഡറേഷന്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ആയുർധാര ഉത്പാദന യൂണിറ്റിന്റെ പേറ്റന്റുകൾ അടങ്ങിയ മരുന്നുകളുടെ ഉത്പാദനത്തിനായുള്ള സഹായ പദ്ധതി.<br>4) ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന എസ്.സി/എസ്.റ്റി.സംഘങ്ങൾക്ക് പ്രധാന പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടിയുള്ള സഹായത്തിനുള്ള പദ്ധതി |
| **(സി)** | പുതിയ പദ്ധതികളുടെ നടത്തിപ്പിനായി പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന | **(സി)** | പുതിയ പദ്ധതികളുടെ നടത്തിപ്പിനായി പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | സഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | | 1) നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ സബ്സിഡിയിനത്തിൽ 30 ലക്ഷം രൂപയും ഓഹരിയിനത്തിൽ 10 ലക്ഷം രൂപയും ഉൾപ്പെടെ 40 ലക്ഷം രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം പരിശോധിച്ച് വരുന്നു.<br>2) ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ സബ്സിഡിയിനത്തിൽ 30 ലക്ഷം രൂപയും ഓഹരിയിനത്തിൽ 20 ലക്ഷം രൂപയും ഉൾപ്പെടെ 50 ലക്ഷം രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം പരിശോധിച്ച് വരുന്നു.<br>2017-18 വർഷത്തിൽ ടി സംഘങ്ങൾക്ക് നൽകുന്നതിനായി ഓഹരിയിനത്തിൽ 252 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി തുക സംഘങ്ങൾക്ക് അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**